"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - മാലിന്യമുക്തം നവകേരളം-2023 ജൂൺ 5 ന് തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ഹരിതസഭ സംഘടിപ്പിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്**

സ.ഉ.(സാധാ) നം.1117/2023/LSGD തീയതി,തിരുവനന്തപുരം, 27-05-2023

---

പരാമർശം:-

1. 15-03-2023 തീയ്യതിയിലെ സ.ഉ. (സാധാ) നം 619/2023/LSGD നമ്പർ ഉത്തരവ്.
2. 20/05/2023 തീയ്യതിയിലെ സ.ഉ. (സാധാ) നം.1068/2023/LSGD നമ്പർ ഉത്തരവ്.
3. 2023 മെയ് 3 ന് ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഓൺലൈൻ യോഗം.

**<u>ഉത്തരവ്</u>**

മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ അടിയന്തിര ഘട്ട പ്രവർത്തനങ്ങൾ 2023 ജൂൺ 5-ഓടു കൂടി പൂർത്തിയാക്കാനാണ് പരാമർശം ( 1 ) പ്രകാരം നിശ്ചയിച്ചിട്ടുള്ളത്. പരാമർശം ( 2 ) പ്രകാരം മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. അടിയന്തിര ഘട്ട പ്രവർത്തനങ്ങൾ പൂർത്തിയാകുന്നതോടെ ജൂൺ 5 - ന് എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും ഹരിത സഭ സംഘടിപ്പിക്കുന്നതിനും അതുവരെ നടന്ന പ്രവർത്തനങ്ങളുടെ സമഗ്രമായ റിപ്പോർട്ട് ഹരിത സഭയിൽ അവതരിപ്പിക്കണമെന്നും പരാമർശം (3) പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. പരാമർശം (2) പ്രകാരം ജൂൺ 5 ന് ഗ്രാമ പഞ്ചായത്ത് , നഗരസഭാ തല ഹരിത സഭ സംഘടിപ്പിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. ആയതു പ്രകാരം ഹരിത സഭയുടെ സംഘാടനം, നടപടിക്രമം, അവതരിപ്പിക്കേണ്ട റിപ്പോർട്ടിന്റെ ഘടന എന്നിവ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശം,അനുബന്ധം 1-പ്രതിജ്ഞ,അനുബന്ധം 2- പ്രവർത്തന അവലോകന റിപ്പോർട്ട് (മാർച്ച് 15 മുതൽ ജൂൺ 5 വരെ) എന്നിവ പുറപ്പെടുവിക്കുന്നു. ജൂൺ 5 ന്റെ ഹരിത സഭ കഴിഞ്ഞാൽ ഹരിത സഭയിൽ അവതരിപ്പിച്ച റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപന അധ്യക്ഷ (നം) യും സെക്രട്ടറിയും ഒപ്പും സീലും വച്ച് ജൂൺ 8 ന് മുമ്പ് തദ്ദേശ സ്വയം ഭരണ വകുപ്പ് ജോ: ഡയറക്ടർക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറി സമർപ്പിക്കേണ്ടതാണ്.

1. ഹരിത സഭ

പരാമർശം ( 1 ) ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള ലക്ഷ്യങ്ങൾ

പൂർത്തീകരിക്കുന്നതിനു വേണ്ടി തദ്ദേശ സ്വയം ഭരണ സ്ഥാപനം സ്വീകരിച്ച നടപടികളും അവയുടെ പുരോഗതിയും ജനകീയ ചർച്ചയ്ക്കും വിശകലനത്തിനുമായി ചേരുന്ന ജനകീയ വേദിയാണ് ഹരിതസഭ.

**ലക്ഷ്യം** : മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി 2023 മാർച്ച് 15 മുതൽ ജൂൺ 1 വരെ നടന്ന പ്രവർത്തനങ്ങളുടെ ഫലമായി 2023 മാർച്ച് 15 -ലെ അവസ്ഥയിൽ നിന്നും ഉണ്ടായ പുരോഗതി - മാറ്റങ്ങൾ, ഇതിനായി നടത്തിയ പ്രത്യേക പ്രവർത്തനങ്ങൾ, നൂതന പരിപാടികൾ, പ്രവർത്തനങ്ങളിൽ നേരിട്ട പ്രതിസന്ധികളും - തടസ്സങ്ങളും, അവ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികളും ജനകീയ പരിശോധനക്ക് വിധേയമാക്കുകയാണ് ഹരിത സഭയുടെ മുഖ്യ ലക്ഷ്യം. കൂടാതെ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തെ 2024 മാർച്ചിൽ മാലിന്യമുക്തമാക്കുന്നതിനും ഇതിന്റെ ഭാഗമായി പരാമർശം (2) പ്രകാരം, 2023 നവംബർ 30 വരെയുള്ള ഹ്രസ്വകാല ലക്ഷ്യവും 2024 മാർച്ച് 31 നുള്ളിൽ പൂർത്തിയാക്കേണ്ട ദീർഘകാല ലക്ഷ്യങ്ങളും കൈവരിക്കുന്നതിനുമായി ആവിഷ്കരിച്ചിരിക്കുന്ന പ്രവർത്തന പരിപാടികൾ ജനകീയ ചർച്ചക്ക് വിധേയമാക്കുന്നതിനും ലക്ഷ്യമിടുന്നു. ഇതിലൂടെ വലിയ തോതിലുള്ള ജനപങ്കാളിത്തം ഉറപ്പാക്കി കർമ്മ പരിപാടിയുടെ ഗുണപരത ഉറപ്പാക്കുന്നതിനും പ്രവർത്തന പരിപാടികളുടെ ഫലപ്രദമായ നടത്തിപ്പിന് തദ്ദേശ വാസികളെ സജ്ജമാക്കുന്നതിനും ഹരിത സഭ സഹായകമാകും. ഈ ലക്ഷ്യം കൈവരിക്കാൻ സഹായകമായ രീതിയിൽ മുഴുവൻ ഗ്രാമ പഞ്ചായത്ത് - നഗരസഭകളിലും ഹരിത സഭ സംഘടിപ്പിക്കാൻ ശ്രദ്ധ നൽകേണ്ടതാണ്.

2. **ഹരിത സഭയിലേക്ക് ക്ഷണിക്കേണ്ടവർ:-**

തദ്ദേശ സ്വയം ഭരണ പ്രദേശത്തെ എല്ലാ വാർഡുകളിൽ നിന്നും പ്രാതിനിധ്യം ഉറപ്പാക്കാൻ കഴിയുന്ന തരത്തിൽ വേണം ഹരിതസഭാ പ്രതിനിധികളെ നിശ്ചയിക്കേണ്ടത്. ജനപ്രതിനിധികൾ,റെസിഡൻസ് അസോസിയേഷൻ ഭാരവാഹികൾ, വായനശാല പ്രതിനിധികൾ, യുവജന സംഘടനാ പ്രതിനിധികൾ, ശാസ്ത്ര- സാംസ്കാരിക സംഘടനാ പ്രതിനിധികൾ, തൊഴിലാളി - സർവ്വീസ് സംഘടനാ പ്രതിനിധികൾ , കുടുംബശ്രീ-അയൽക്കൂട്ട സെക്രട്ടറി / പ്രസിഡന്റ്, സി.ഡി.എസ് - എ.ഡി. എസ് പ്രതിനിധികൾ, വ്യാപാരി വ്യവസായി സംഘടനാ പ്രതിനിധികൾ , NSS യൂണിറ്റ് മുതലയുള്ള അധ്യാപകർ - വിദ്യാർത്ഥി പ്രതിനിധികൾ , വാർഡ് തല ആരോഗ്യ ജാഗ്രതാ സമിതി പ്രതിനിധികൾ , ഘടക സ്ഥാപന പ്രതിനിധികൾ, വനിതാ സംഘടനാ പ്രതിനിധികൾ, പെൻഷനേഴ്സ് യൂണിയൻ പ്രതിനിധികൾ, സീനിയർ സിറ്റിസൺ സംഘടനാ പ്രതിനിധികൾ ഉടങ്ങി എല്ലാ വിഭാഗത്തിന്റേയും പങ്കാളിത്തം മുൻകൂട്ടി നിശ്ചയിച്ച് അവരുടെ പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്. കുറഞ്ഞത് 150 പേരുടെ പങ്കാളിത്തമെങ്കിലും ഉറപ്പാക്കാൻ കഴിയണം. മുനിസിപ്പൽ കോർപ്പറേഷനിൽ കുറഞ്ഞത് 250-300 പേരുടെ പങ്കാളിത്തമെങ്കിലും ഉറപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇതിന് സഹായക സ്ഥലമായിരിക്കണം ഇതിലേക്ക് തെരഞ്ഞെടുക്കേണ്ടത്.

3. **ദിവസവും സമയവും :**

2023 ജൂൺ 5-നാണ് ഹരിത സഭ സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും നടത്തേണ്ടത്, അര ദിവസത്തെ പരിപാടിയായിട്ടാണ് വിഭാവനം ചെയ്തിട്ടുള്ളത്.

രാവിലെയോ ഉച്ചക്കോ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് അനുയോജ്യമായ സമയം ഇതിലേക്ക് നിശ്ചയിക്കാവുന്നതാണ്.

4. തയ്യാറെടുപ്പുകൾ എന്തൊക്കെ?

- ഹരിത സഭയിൽ പങ്കെടുപ്പിക്കേണ്ട പ്രതിനിധികളെ മുൻകൂട്ടി നിശ്ചയിച്ച് അറിയിപ്പ് നൽകുക.
- ഹരിത സഭയിൽ അവതരിപ്പിക്കേണ്ട പ്രവർത്തന പുരോഗതി അവലോകന റിപ്പോർട്ട് തയ്യാറാക്കുക.
- ഹരിത സഭ സംഘടിപ്പിക്കാൻ അനുയോജ്യമായ സ്ഥലം കണ്ടെത്തി ഉറപ്പാക്കുക.
- ഹരിത സഭ സംബന്ധിച്ച് വിപുലമായ പ്രചാരണം നവമാധ്യമങ്ങൾ വഴിയും അല്ലാതെയും നൽകുക.

5. ഹരിത സഭ കാര്യപരിപാടി.

ഹരിതസഭ കാര്യപരിപാടിയിൽ നിർബന്ധമായും ഉൾപ്പെടുത്തേണ്ട ഘടകങ്ങൾ:

കുറഞ്ഞത് 3 മണിക്കൂർ സമയമെങ്കിലും ഹരിതസഭയുടെ നടപടിക്രമം പൂർത്തീകരിക്കാൻ വേണ്ടിവരും. ഇതിൽ 15-20 മിനിട്ട് അവലോകന റിപ്പോർട്ട് അവതരണം, 5-10 മിനിട്ട് ഹരിതകർമ്മ സേന അവരുടെ ദൈനംദിന പ്രവർത്തനത്തിൽ നേരിട്ട പ്രശ്നങ്ങളും ലഭിക്കുന്ന പ്രോത്സാഹനങ്ങളും അവതരിപ്പിക്കുന്നതിനും വേണ്ടിവരും. ഗ്രൂപ്പ് ചർച്ചകൾക്ക്കുറഞ്ഞത് ഒന്ന് ഒന്നര മണിക്കൂർ സമയം നൽകേണ്ടതുണ്ട്.

ഇതനുസരിച്ച് ഉത്ഘാടന സമയം ക്രമീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഹരിതസഭ നടപടിക്രമങ്ങൾ നിരീക്ഷിക്കാനും, റിപ്പോർട്ട്, ഗ്രൂപ്പ് ചർച്ച, ഗ്രൂപ്പ് പ്രതികരണങ്ങൾ എന്നിവ കേൾക്കാനും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നിരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിനും ഒരു വിദഗ്ധ പാനലിനെ തദ്ദേശ സ്വയംഭരണ സ്ഥാപനം നിശ്ചയിച്ച് നിയോഗിക്കേണ്ടതാണ്.

ഈ പാനലിൽ തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ/ഗവേഷണ സ്ഥാപനങ്ങൾ/സന്നദ്ധ സാങ്കേതിക വിദഗ്ദർ ഉടങ്ങിയവരിൽ നിന്നും 2 - 3 പേർ അടങ്ങുന്ന ഒരു പാനലിനെ നിശ്ചയിച്ച് നിയോഗിക്കാനും നടപടി സ്വീകരിക്കേണ്ടതാണ്. ഹരിതസഭയിലേക്ക് തിരഞ്ഞെടുക്കുന്ന പ്രതിനിധികളുടെ പൂർണ്ണ സമയപങ്കാളിത്തം മുൻകൂട്ടി ഉറപ്പാക്കേണ്ടതാണ്.

1. **ജൂൺ 5 - പരിസ്ഥിതി ദിന സന്ദേശം -** പ്ലാസ്റ്റിക് മാലിന്യം കുറക്കേണ്ടതിന്റെ പ്രധാന്യം. നിരോധിത പ്ലാസ്റ്റിക് ഉല്പന്നങ്ങൾ പരിചയപ്പെടുത്തുകയും അവയുടെ ഉല്പാദനം, സംഭരിച്ചു വയ്ക്കലും വില്പനയും ഉപയോഗം എന്നിവ നടത്തിയാൽ നടപടി എടുക്കുമെന്നും അവയുടെ നിയമ നടപടികൾ പിഴ തുക എന്നിവ സംബന്ധിച്ച് 10 മിനിട്ടുള്ള (പരമാവധി സമയം) അവതരണം.
2. പ്രതിജ്ഞ - പരിസ്ഥിതി ദിന സന്ദേശം കഴിഞ്ഞാലുടൻ പ്രതിജ്ഞ (അനുബന്ധമായി നൽകിയിട്ടുണ്ട്).
3. **പ്രവർത്തന പുരോഗതി - അവലോകന റിപ്പോർട്ട് അവതരണം:** (പ്രതിജ്ഞ കഴിഞ്ഞാലുടൻ -

തദ്ദേശ സ്വയം ഭരണ അധ്യക്ഷ (ൻ) / ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർ പേഴ്സൺ/ സെക്രട്ടറി (15 - 20 മിനിട്ട് - പരമാവധി).

**4. ഹരിതകർമ്മ സേന പ്രതിനിധികളുടെ അവതരണം (5-10 മിനിട്ട്)**

വാതിൽപ്പടി ശേഖരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ നേരിടുന്ന പ്രശ്നങ്ങളും ലഭിക്കുന്ന പ്രോത്സാഹനങ്ങളും സംബന്ധിച്ച്.

**5. റിപ്പോർട്ടിൻ മേലുള്ള ചർച്ച ഗ്രൂപ്പ് തിരിഞ്ഞ്.**

പങ്കെടുക്കേണ്ടവരുടെ എണ്ണം, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സവിശേഷ സാഹചര്യങ്ങൾ എന്നിവ പരിഗണിച്ച് വേണം ഗ്രൂപ്പുകളുടെ എണ്ണം നിശ്ചയിക്കേണ്ടത്. ചർച്ച ഫലപ്രദമാക്കാൻ കഴിയുന്ന വിധം ഗ്രൂപ്പിലെ അംഗങ്ങളുടെ എണ്ണവും ഗ്രൂപ്പിന്റെ എണ്ണവും നിശ്ചയിക്കേണ്ടതാണ്.

**6. ഗ്രൂപ്പ് ചർച്ചയിൽ സ്വീകരിക്കേണ്ട സമീപനം**

- ഓരോ വിഭാഗത്തിലും റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതിന്റെ അവസ്ഥ വിശകലനം ചെയ്യൽ.
- പ്രവർത്തനങ്ങളിലെ പുരോഗതി / മാറ്റം വിലയിരുത്തൽ.
- ഉണ്ടായ വെല്ലുവിളികൾ / തടസ്സങ്ങൾ/പ്രതിസന്ധികൾ - സ്വീകരിച്ച പരിഹാര വഴികളുടെ ഫലപ്രാപ്തി. - അവയുടെ തുടർ നടപടി നിർദ്ദേശങ്ങൾ.
- ഭാവി പ്രവർത്തനത്തിനായി മുന്നോട്ടുവച്ചിട്ടുള്ള നിർദ്ദേശങ്ങൾ വിശകലനം ചെയ്യലും നിർദ്ദേശങ്ങൾ തയ്യാറാക്കലും
- ജനകീയ പ്രസ്ഥാനമാക്കി മാറ്റുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കൽ.

(കുറഞ്ഞത് 1 - 1.30 മണിക്കൂർ സമയം ഗ്രൂപ്പ് ചർച്ചക്ക് നൽകണം )

**7. ഗ്രൂപ്പ് ചർച്ച റിപ്പോർട്ടിംഗ് : (30 മിനിട്ട് )**

ഗ്രൂപ്പ് റിപ്പോർട്ടിംഗ് - കേൾക്കാൻ തദ്ദേശ സ്ഥാപന ജനപ്രതിനിധികൾ , ചുമതലയുള്ള മുഴുവൻ ഉദ്യോഗസ്ഥരും ഹരിത കർമ്മസേന കൺസോർഷ്യം ഭാരവാഹികൾ, ക്യാമ്പയിൻ ടീം എന്നിവർ ഉണ്ടായിരിക്കണം. ഇവർക്ക് പുറമേ തദ്ദേശ സ്വയംഭരണ സ്ഥാപനം ചുമതലപ്പെടുത്തുന്ന വിദഗ്ദ്ധപാനൽ

ഗ്രൂപ്പുകൾ റിപ്പോർട്ട് ചെയ്യുന്ന വിവരങ്ങൾ റിപ്പോർട്ടിന്റെ ഭാഗമാക്കണം.

**8.പാനൽ പ്രതിനിധിയുടെ പ്രതികരണം**

**9. റിപ്പോർട്ട് - ക്രോഡീകരണം**

പ്രതികരണവും ക്രോഡീകരണവും, നവംബർ 30 നുള്ളിൽ പൂർത്തിയാക്കാൻ പോകുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച് കൂടി ക്രോഡീകരണത്തിൽ ഉൾപ്പെടുത്തണം,- അധ്യക്ഷ (ൻ)- 10 - 15 മിനിട്ട് .

10. **സോഷ്യൽ ആഡിറ്റ് ടീമിന് റിപ്പോർട്ട് കൈമാറൽ**

ഹരിതസഭയിൽ അവതരിപ്പിച്ച റിപ്പോർട്ടും ഗ്രൂപ്പ് റിപ്പോർട്ട് വിവരങ്ങളുടെ പകർപ്പും സോഷ്യൽ ആഡിറ്റിന് നേതൃത്വം നൽകുന്ന ടീമിന് ഔപചാരികമായി വേദിയിൽ വച്ച് തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻ കൈമാറേണ്ടതാണ്.

11. **ഹരിതകർമ്മ സേന അനുമോദനം**:- തദ്ദേശ സ്വയം ഭരണ സ്ഥാപന പരിധിയിൽ സേവനം നൽകുന്ന ഹരിത കർമ്മ സേന അംഗങ്ങളെ പരിചയപ്പെടുത്തലും അനുമോദനവും.

ഇത്രയും കാര്യങ്ങൾ നിർബന്ധമായും ഹരിതസഭയിൽ നടക്കുമെന്ന് ഉറപ്പാക്കേണ്ടതാണ്.

**<u>പൊതു നിർദ്ദേശങ്ങൾ</u>**

- ഗ്രീൻ പ്രോട്ടോകോൾ പാലിക്കണം
- ഗ്രൂപ്പ് ചർച്ചയിൽ അവതരിപ്പിക്കാൻ കഴിയാത്തതും അവസരങ്ങൾ ലഭിക്കാത്തതുമായ നിർദ്ദേശങ്ങളും രേഖപ്പെടുത്താൻ രജിസ്റ്ററോ / അഭിപ്രായപെട്ടിയോ സജ്ജീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം
Signed by
M.k.pradeesh Kumar
സെക്ഷൻ ഓഫീസർ
Date: 27-06-2023 10:38:52

കോർഡിനേറ്റർ നവകേരളം കർമ്മപദ്ധതി 2
പ്രിൻസിപ്പൽ ഡയറക്ടർ, LSGD, സ്വരാജ് ഭവൻ, തിരുവനന്തപുരം
ഡയറക്ടർ (Urban), LSGD, തിരുവനന്തപുരം
ഡയറക്ടർ (Rural), LSGD, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ,ശുചിത്വ മിഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫൊർമേഷൻ കേരള മിഷൻ
മാനേജിംഗ് ഡയറക്ടർ,ക്ലീൻ കേരള കമ്പനി ലിമിറ്റഡ്,തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ,കുടുംബശ്രീ
ഡയറക്ടർ ജനറൽ,കില
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E&RSA) കേരള,തിരുവനന്തപുരം
ഡയറക്ടർ(I&PRD),വെബ് & മീഡിയ
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

അനുബന്ധം 1

പ്രതിജ്ഞ

"എന്റെ ഗ്രാമ പഞ്ചായത്ത് / നഗരസഭയെ മാലിന്യമുക്തമാക്കാൻ . . നടക്കുന്ന പ്രവർത്തനങ്ങളിൽ പങ്കാളിയാകേണ്ടത് എന്റെ ചുമതലയാണെന്ന് എനിക്ക് അറിവുള്ളതാണ്. മാലിന്യം ഉറവിടത്തിൽ തരം തിരിക്കൽ, ജൈവ മാലിന്യം ഉറവിടത്തിൽ സംസ്കരിക്കൽ , അജൈവ മാലിന്യം ഉറവിടത്തിൽ തരം തിരിച്ച്, വൃത്തിയാക്കി, പഞ്ചായത്ത് / നഗരസഭ നിശ്ചയിച്ച യൂസർ ഫീസ് നൽകി ഹരിത കർമ്മസേനക്ക് കൈമാറൽ, എന്നിവ നിയമപ്രകാരം, ഞാൻ ചെയ്യേണ്ടതും, പാലിക്കേണ്ടതും, എന്റെ ഉത്തരവാദിത്വമാണെന്നും, എനിക്ക് ബോധ്യമുണ്ട്. മാലിന്യത്തിന്റെ അളവ് ഞാൻ പരമാവധി കുറക്കും, സർക്കാർ നിരോധിച്ച പ്ലാസ്റ്റിക് ഉല്പന്നങ്ങൾ വാങ്ങുകയോ ഉപയോഗിക്കുകയോ ചെയ്യില്ല. ഒരു പാഴ് വസ്തുവും ഞാൻ വലിച്ചെറിയില്ല, തെറ്റായ രീതിയിൽ മാലിന്യം സംസ്കരിക്കുന്ന രീതികൾ പിന്തുടരില്ല. എന്റെ പഞ്ചായത്ത് /നഗരസഭയുടെ പൊതുയിടങ്ങളിലും ജലാശയങ്ങളിലും മാലിന്യ നിക്ഷേപങ്ങൾ ഉണ്ടാകാതിരിക്കാനുള്ള എല്ലാ പ്രവർത്തനങ്ങളിലും ഞാൻ സജീവമായി പങ്കാളിയാകും. എന്റെ പഞ്ചായത്ത് / നഗരസഭയെ മാലിന്യമുക്തമാക്കി , കേരളത്തെ മാലിന്യമുക്ത സംസ്ഥാനമാക്കി മാറ്റുന്നതിനുള്ള എല്ലാ പ്രവർത്തനങ്ങളിലും ഞാൻ പങ്കാളിയാകുമെന്ന് പ്രതിജ്ഞ ചെയ്യുന്നു". (5 മിനിട്ട് )

അനുബന്ധം 2

# മാലിന്യ മുക്തം നവകേരളം

## ഹരിത സഭ– 2023 ജൂൺ 5

## പ്രവർത്തന അവലോകന റിപ്പോർട്ട്–മാർച്ച് 15– ജൂൺ 5

തദ്ദേശ-സ്വയംഭരണ സ്ഥാപനത്തിന്റെ പേര് :
തരം (ഗ്രാമ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ) :
ജില്ല :
ആകെ വാർഡുകളുടെ എണ്ണം :

1. റിപ്പോർട്ടുകൾ

1.1. തദ്ദേശ സ്വയംഭരണ സ്ഥാപന ഓഫീസിൻറെ ശുചിത്വ മാലിന്യ സംസ്കരണ അവസ്ഥ

| | | | |
|---|---|---|---|
| ആകെ ജീവനക്കാരുടെ എണ്ണം | | | |
| ജൈവ മാലിന്യ സംസ്കരണ സംവിധാനം | സംവിധാനത്തിൻറെ പേര് | | |
| | പ്രതിദിന ശേഷി (കിലോഗ്രാമിൽ) | | |
| അജൈവ മാലിന്യം (ഉണ്ട്/ഇല്ല, ഉണ്ടെങ്കിൽ സംവിധാനത്തിൻറെ പേര്) | പുനഃചംക്രമണ സാധ്യമായവക്കുള്ള സംവിധാനം | | |
| | അപകടകരമായ മാലിന്യങ്ങൾ (ബൾബ്, ട്യൂബ്, ബാറ്ററി തുടങ്ങിയവ) കൈകാര്യം ചെയ്യുന്നതിനുള്ള സംവിധാനം | | |
| | ഇ – വേസ്റ്റ് കൈകാര്യം ചെയ്യുന്നതിനുള്ള സംവിധാനം | | |
| | സാനിട്ടറി പാഡ് കൈകാര്യം ചെയ്യുന്നതിനുള്ള സംവിധാനം | | |
| ശുചിമുറികൾ | ജീവനക്കാർ (എണ്ണം) | പുരുഷന്മാർ | |
| | | സ്ത്രീ | |
| | | ട്രാൻസ്ജെൻഡേർസ് | |
| | | ഭിന്ന ശേഷിക്കാർ | |
| | പൊതു ജനങ്ങൾ(എണ്ണം) | പുരുഷന്മാർ | |
| | | സ്ത്രീ | |
| | | ട്രാൻസ്ജെൻഡേർസ് | |
| | | ഭിന്ന ശേഷിക്കാർ | |

1.1.1 എല്ലാ വിധത്തിലും ഉള്ള ശുചിത്വ മാലിന്യ സംസ്കരണ സംവിധാനങ്ങൾ സജ്ജമാക്കി തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലെ എല്ലാ സ്ഥാപനങ്ങൾക്കുംപൊതുജനങ്ങൾക്കും മുന്നിൽ തദ്ദേശ സ്വയംഭരണ സ്ഥാപന ഓഫീസിനെ ഒരു മാതൃക സ്ഥാപനമാക്കി മാറ്റുവാൻ സ്വീകരിച്ച പ്രവർത്തനങ്ങൾ നടപടികൾ, നേരിടേണ്ടി വന്ന പ്രശ്നങ്ങൾ അവ പരിഹരിച്ച വിധംഎന്നിവ വിശദമാക്കുക.

## 1.2. ഗാർഹികം

### 1.2.1. ജൈവ മാലിന്യ സംസ്കരണം വീടുകളിൽ

| ആകെ ആൾ താമസ്സം ഉള്ള വീടുകൾ (എണ്ണം)<br>(1) | | | പുരോഗതി<br>(ശതമാനം)<br>[(3)-(2)]<br>(4) |
|---|---|---|---|
| | മാർച്ച് 15 ന് മുൻപ്<br>(2) | ജൂൺ 1 വരെ<br>(3) | |
| ഉറവിട ജൈവ മാലിന്യ സംസ്കരണ സംവിധാനം സ്വന്തമായി ഉള്ള വീടുകൾ(എണ്ണം) | | | |
| സ്വന്തമായി സംവിധാനങ്ങൾ ഇല്ല എന്നാൽ കമ്മ്യൂണിറ്റി സംവിധാനങ്ങൾ ഉപയോഗിക്കുന്ന വീടുകൾ(എണ്ണം) | | | |
| ആകെ(എണ്ണം) | | | |
| ഈ രണ്ടു മാർഗ്ഗങ്ങളും ഉപയോഗിക്കാത്ത വീടുകൾ(എണ്ണം) | | | |
| ആകെ കവറേജ് (ശതമാനം) | | | |

*മാർച്ച് 15 ന് മുൻപ് എന്ന് ഉദ്ദേശിക്കുന്നത് മാർച്ച് 15ന് മുൻപുള്ള സ്ഥിതിയും ജൂൺ 1 വരെ എന്ന് ഉദ്ദേശിച്ചത് ജൂൺ 1 വരെയുള്ള സ്ഥിതിയും ആണ്

1.2.2. 2023 മാർച്ച് 15 മുതൽ ജൂൺ 1 ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഇല്ലാത്ത വീടുകളിൽ ഈ സംവിധാനങ്ങൾ ഉറപ്പാക്കാനും, കമ്മ്യൂണിറ്റി സംവിധാനങ്ങൾ മെച്ചപ്പെടുത്താനും, അവശേഷിക്കുന്ന വീടുകളെ ഈ സംവിധാനങ്ങളിലേക്ക് കൊണ്ടുവരുന്നതിനുംനടത്തിയ പ്രവർത്തനങ്ങൾ, സ്വീകരിച്ച നടപടികൾ, നേരിടേണ്ടി വന്ന പ്രശ്നങ്ങൾ അവ പരിഹരിച്ച വിധം, നിർദേശങ്ങൾഎന്നിവ വിശദമാക്കുക.

**1.2.3. അജൈവ മാലിന്യ സംസ്കരണം വീടുകളിൽ**

| ആകെ ആൾ താമസ്സം ഉള്ള വീടുകൾ(എണ്ണം) | | | | പുരോഗതി(ശതമാനം) (3) |
|---|---|---|---|---|
| | | മാർച്ച് 15 ന മുൻപ് (1) | ജൂൺ 1 വരെ (2) | |
| ഹരിത കർമ്മ സേനയുടെ സേവനം ഉപയോഗിക്കുന്ന വീടുകൾ (എണ്ണം) | | | | |
| കവറേജ് (ശതമാനം) | | | | |
| മറ്റ് ഏജൻസികളുടെ സേവനം ഉപയോഗിക്കുന്ന വീടുകൾ(എണ്ണം) | ഏജൻസിയുടെ പേര് 1. | | | |
| | 2. | | | |
| | 3. | | | |
| | 4. | | | |
| | 5. | | | |
| | 6. | | | |
| | 7. | | | |
| എണ്ണം | | | | |
| കവറേജ് (ശതമാനം) | | | | |

| | | | |
|---|---|---|---|
| ആകെ എണ്ണം | | | |
| ആകെ കവറേജ് (ശതമാനം) | | | |

*മാർച്ച് 15 ന് മുൻപ് എന്ന് ഉദ്ദേശിക്കുന്നത് മാർച്ച് 15നു മുൻപുള്ള ആകെ എണ്ണവും ജൂൺ 1 വരെ എന്ന് ഉദ്ദേശിച്ചത് ജൂൺ 1 വരെയുള്ള ആകെ എണ്ണവും ആണ്

1.2.4.അജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ കവറേജ് വർധിപ്പിക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെ, ഹരിത കർമ്മ സേനയുടെ സേവനം വിപുലപ്പെടുത്തുന്നതിനു സ്വീകരിച്ച നടപടികൾ, ഹരിത കർമ്മ സേന ഇല്ലാത്തിടങ്ങളിൽ മറ്റു ഏജൻസികളുടെ സേവനം ലഭ്യമാക്കുന്നതിനു നടത്തിയ പ്രവർത്തനങ്ങൾഎന്നിവ വിശദമാക്കുക.

**1.3. സ്ഥാപനങ്ങളിൽ**

ബൾക്ക് വേസ്റ്റ് ജനറേറ്റേഴ്സ് : പ്രതിദിനം 100 കിലോ മാലിന്യത്തിൽ കൂടുതൽ ഉൽപ്പാദിപ്പിക്കുന്നവരോ അല്ലെങ്കിൽ 5000 sq.m ൽ കൂടുതൽ വിസ്തൃതിയുള്ള കെട്ടിടങ്ങൾ

| | ആകെ സ്ഥാപനങ്ങൾ (എണ്ണം) (1) | ജൈവ മാലിന്യ സംസ്കരണം | | | | | അജൈവ മാലിന്യ സംസ്കരണം | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | ജൈവ മാലിന്യ സംസ്കരണ സംവിധാനം ഉള്ളതോ അല്ലെങ്കിൽ ഹരിത കർമ്മ സേന/മറ്റു ഏജൻസികളുടെ സേവനം ഉപയോഗപ്പെടുത്തുന്നതോ ആയ സ്ഥാപനങ്ങൾ (എണ്ണം) | | കവറേജ് (ശതമാനം) | | നേട്ടം (ശതമാനം) (6) [(5)-(4)] | ഹരിത കർമ്മ സേന/മറ്റു ഏജൻസികളുടെ സേവനം ഉപയോഗപ്പെടുത്തുന്ന സ്ഥാപനങ്ങൾ (എണ്ണം) | | കവറേജ് (ശതമാനം) | | നേട്ടം (ശതമാനം) (11) [(10)-(9)] |
| | | മാർച്ച് 15 ന് മുൻപ് (2) | ജൂൺ 1 വരെ (3) | മാർച്ച് 15 ന് മുൻപ് (4) | ജൂൺ 1 വരെ (5) | | മാർച്ച് 15 ന് മുൻപ് (7) | ജൂൺ 1 വരെ (8) | മാർച്ച് 15 ന് മുൻപ് (9) | ജൂൺ 1 വരെ (10) | |
| ബൾക്ക് വേസ്റ്റ് ജനറേറ്റേഴ്സ് | | | | | | | | | | | |
| ബൾക്ക് വേസ്റ്റ് ജനറേറ്റേഴ്സ് ഒഴികെ ഉള്ള മറ്റു സ്ഥാപനങ്ങൾ | | | | | | | | | | | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| സർക്കാർ/പൊതുമേഖല സ്ഥാപനങ്ങൾ | | | | | | | | | | | |

*മാർച്ച് 15 ന് മുൻപ് എന്ന് ഉദ്ദേശിക്കുന്നത് മാർച്ച് 15നു മുൻപുള്ള ആകെ എണ്ണവും ജൂൺ 1 വരെ എന്ന് ഉദ്ദേശിച്ചത് ജൂൺ 1 വരെയുള്ള ആകെ എണ്ണവും ആണ്

1.3.1. സ്വന്തമായി ജൈവ മാലിന്യ സംസ്കരണ സംവിധാനം ഇല്ലാത്ത ബൾക്ക് വേസ്റ്റ് ജനറേറ്റേഴ്സിനെ കണ്ടെത്തുന്നതിനും അവർക്ക് അത്തരത്തിൽ ഉള്ള സംവിധാനങ്ങൾ ഉറപ്പാക്കുന്നതിനും അതിനു സാധിക്കാത്ത ഇടങ്ങളിൽ ഹരിത കർമ്മ സേന /മറ്റ് ഏജൻസികൾ എന്നിവയുടെ സേവനം ലഭ്യമാക്കുന്നതിനും ഏറ്റെടുത്ത പ്രവർത്തനങ്ങൾ, സ്വീകരിച്ച നടപടികൾ, നേരിട്ട പ്രശ്നങ്ങൾ അവ പരിഹരിച്ച വിധം. അജൈവ മാലിന്യ സംസ്കരണത്തിനായി ഹരിത കർമ്മസേന /മറ്റ് ഏജൻസികൾ എന്നിവയുടെ സേവനം ഉപയോഗിക്കാതിരുന്ന ബൾക്ക് വേസ്റ്റ് ജനറേറ്റേഴ്സിനെ ഹരിത കർമ്മ സേന/മറ്റ് ഏജൻസികൾ എന്നിവയുടെ സേവന പരിധിയിൽ കൊണ്ടുവരുന്നതിനായി സ്വീകരിച്ച നടപടികൾ, പ്രവർത്തനങ്ങൾ, നേരിടേണ്ടി വന്ന പ്രതിസന്ധികൾ അവ പരിഹരിച്ച വിധംഎന്നിവ വിശദമാക്കുക.

1.3.2. ബൾക്ക് ജനറേറ്റേഴ്സ് ഒഴികെയുള്ള സ്ഥാപനങ്ങളിൽ സ്വന്തമായി ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ കൊണ്ടുവരുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ, സ്വന്തമായി സംവിധാനങ്ങൾ ഇല്ലാത്തിടങ്ങളിൽ ഹരിത കർമ്മ സേന/മറ്റ് ഏജൻസികൾ എന്നിവയുടെ സേവനങ്ങൾ ഉപയോഗപ്പെടുത്താൻ വേണ്ടി സ്വീകരിച്ച നടപടികൾ പ്രവർത്തനങ്ങൾ, നേരിടേണ്ടി വന്ന പ്രശ്നങ്ങൾ, പരിഹരിച്ച വിധം .അജൈവ മാലിന്യ സംസ്കരണം ഫലവത്താക്കുന്നതിനും കൂടുതൽ സ്ഥാപനങ്ങളെ ഹരിത കർമ്മ സേനകളുടെയും മറ്റ് ഏജൻസികളുടെയും സേവന പരിധിയിൽ കൊണ്ടുവരുന്നതിന് വേണ്ടി നടത്തിയ പ്രവർത്തനങ്ങൾ, സ്വീകരിച്ച നടപടികൾ, നേരിടേണ്ടി വന്ന പ്രശ്നങ്ങൾ അവ പരിഹരിച്ച വിധംഎന്നിവ വിശദമാക്കുക.

1.3.3.സർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിലെ ജൈവ – അജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ കൊണ്ടുവരുന്നതിനും ജൈവ മാലിന്യത്തിന്റെ 100% ഉറവിട സംസ്കരണത്തിനും അജൈവ മാലിന്യത്തിന്റെ 100% കൈയ്യൊഴിയുന്നതിനും ആയി സ്വീകരിച്ച നടപടികൾ ഏറ്റെടുത്ത പ്രവർത്തനങ്ങൾ എന്നിവവിശദമാക്കുക

## 1.4.തദ്ദേശ സ്വയം ഭരണ സ്ഥാപനതലത്തിൽ ഉള്ള പൊതു മാലിന്യ സംസ്കരണ സംവിധാനങ്ങൾ

### 1.4.1. തദ്ദേശ സ്വയം ഭരണ സ്ഥാപനതലത്തിൽ ഉള്ള പൊതു മാലിന്യ സംസ്കരണ സംവിധാനങ്ങൾ - ജൈവ മാലിന്യം

| | | എണ്ണം | | പുരോഗതി | ശേഷി (കിലോ ഗ്രാമിൽ) | | പുരോഗതി |
|---|---|---|---|---|---|---|---|
| | | മാർച്ച് 15 ന മുൻപ് (1) | ജൂൺ 1 വരെ (2) | [(2)-(1)] (3) | മാർച്ച് 15 ന മുൻപ് (4) | ജൂൺ 1 വരെ (5) | [(5)-(4)] (6) |
| വിൻഡ്രോ കമ്പോസ്റ്റിംഗ് യൂണിറ്റ് ശേഷി (കിലോഗ്രാമിൽ) | | | | | | | |
| തുമ്പൂർമുഴി യൂണിറ്റ് ശേഷി (കിലോഗ്രാമിൽ) | | | | | | | |
| ബയോ ഗ്യാസ് പ്ലാന്റ് ശേഷി (കിലോഗ്രാമിൽ) | | | | | | | |
| മറ്റു സംവിധാനങ്ങൾ | സംവിധാനത്തിൻറെ പേര് | | | | | | |
| | 1. | | | | | | |
| | 2. | | | | | | |
| | 3. | | | | | | |
| | 4. | | | | | | |
| ആകെ | | | | | | | |

*മാർച്ച് 15ന് മുൻപ് എന്ന് ഉദ്ദേശിക്കുന്നത് മാർച്ച് 15ന് വരെയുള്ള സ്ഥിതിയും ജൂൺ 1 വരെ എന്ന് ഉദ്ദേശിച്ചത് ജൂൺ 1 വരെയുള്ള സ്ഥിതിയും ആണ്

**1.4.2. തദ്ദേശ സ്വയം ഭരണ സ്ഥാപനതലത്തിലെ പൊതു ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങൾ മെച്ചപ്പെടുത്താൻ നടത്തിയ ശ്രമങ്ങൾ**

| ജൈവ മാലിന്യ സംസ്കരണത്തിനുള്ള പൊതു സംവിധാനം ക്യാമ്പയിൻ കാലഘട്ടത്തിൽ താൽക്കാലികമായി സജ്ജീകരിച്ചിരുന്നോ? (ഉണ്ട്/ഇല്ല) ഉണ്ടെങ്കിൽ ഇനവും പ്രതിദിന ശേഷിയുമുൾപ്പെടെ വ്യക്തമാക്കുക | ജൈവ മാലിന്യ സംസ്കരണത്തിനുള്ള പൊതു സംവിധാനത്തിനായി ആവശ്യമായ സ്ഥലം ഉറപ്പാക്കാൻ കഴിഞ്ഞോ (ഉണ്ട് /ഇല്ല) കണ്ടെത്തിയെങ്കിൽ വിസ്തൃതി | പ്രവർത്തന രഹിതമായ ജൈവ മാലിന്യ സംസ്കരണത്തിനുള്ള പൊതു സംവിധാനങ്ങൾ | | | ജൈവ മാലിന്യ സംസ്കരണത്തിനുള്ള പൊതു സംവിധാനത്തിനായി പുതിയ പ്രോജക്ട്കൾ എന്തെങ്കിലും തയ്യാറാക്കിയിട്ടുണ്ടെങ്കിൽ തരവും എണ്ണവും പ്രതിദിന ശേഷിയും ഉൾപ്പെടെ വ്യക്തമാക്കുക |
|---|---|---|---|---|---|
| | | ഉണ്ട്/ഇല്ല (ഉണ്ടെങ്കിൽ എണ്ണം) | ശേഷി (കിലോഗ്രാം) | പ്രവർത്തന ക്ഷമം ആക്കിയോ | |
| | | | | | |

1.4.3.തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിൽ ജൈവ മാലിന്യ സംസ്കരണത്തിനായി പുതിയ കമ്മ്യൂണിറ്റി സംവിധാനങ്ങൾ കൊണ്ടുവരുന്നതിനും ഉപയോഗ ശൂന്യമായവ കാര്യക്ഷമമാക്കുന്നതിനും ആയി സ്വീകരിച്ച നടപടികൾ ഏറ്റെടുത്ത പ്രവർത്തനങ്ങൾ, പുതിയവക്കായി സ്ഥല ലഭ്യത ഉറപ്പാക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ, പുതിയതായി സമർപ്പിച്ച പ്രോജക്ടുകൾ എന്നിവ, നേരിട്ട പ്രതിസന്ധികൾ, അവ പരിഹരിച്ച വിധം എന്നിവവിശദമാക്കുക.

1.5. തദ്ദേശ സ്വയം ഭരണ സ്ഥാപനതലത്തിൽലെ പൊതു മാലിന്യ സംസ്കരണ സംവിധാനങ്ങൾ - അജൈവ മാലിന്യം

| ആകെ വാർഡുകൾ (1) | | | | | | | |
|---|---|---|---|---|---|---|---|
| | | എണ്ണം | | പുരോഗതി | ശേഷി (കിലോഗ്രാമിൽ) | | പുരോഗതി |
| | | മാർച്ച് 15 ന് മുൻപ് (1) | ജൂൺ 1 വരെ (4) | | മാർച്ച് 15 ന് മുൻപ് (1) | ജൂൺ 1 വരെ (4) | |
| ഉപയോഗയോഗ്യമായ മിനി MCF കളുടെ എണ്ണം | | | | | | | |
| കവറേജ് (ശതമാനം) | | | | | | | |
| ഉപയോഗയോഗ്യമായ MCF കൾ | | | | | | | |
| ഉപയോഗയോഗ്യമായ RRF | | | | | | | |
| മറ്റു സംവിധാനങ്ങൾ | സംവിധാനത്തിൻറെ പേര് | | | | | | |
| | 1. | | | | | | |
| | 2. | | | | | | |
| | 3. | | | | | | |
| | 4. | | | | | | |

**1.5.1. തദ്ദേശ സ്വയം ഭരണ സ്ഥാപനതലത്തിലെ പൊതു അജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ മെച്ചപ്പെടുത്താൻ നടത്തിയ ശ്രമങ്ങൾ**

| താൽകാലികമായി പൊതു അജൈവ മാലിന്യ സംഭരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയിരുന്നോ | | സ്ഥിരം പൊതു അജൈവ മാലിന്യ സംഭരണത്തിനായുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ടോ ഉണ്ടെങ്കിൽ വിസ്തൃതി | സ്ഥിരം പൊതു അജൈവ മാലിന്യ സംഭരണത്തിനായുള്ള പ്രോജക്ട് കൾ തയ്യാറാക്കിയിട്ടുണ്ടോ? |
|---|---|---|---|
| ഉണ്ട്/ഇല്ല | ഉണ്ടെങ്കിൽ തരം(വാടകക്ക്, താൽക്കാലിക ഷെഡ്, തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കമ്മ്യൂണിറ്റി ഹാൾ അല്ലെങ്കിൽ ഒഴിഞ്ഞ കെട്ടിടങ്ങൾ ) | | |
| | | | |

1.5.1. അജൈവ മാലിന്യ സംസ്കരണത്തിനായുള്ള പൊതു സംവിധാനങ്ങൾ പുതിയത് കൊണ്ട് വരുന്നതിനും ഉപയോഗ ശൂന്യമയവ കാര്യക്ഷമമാക്കുന്നതിനും ഏറ്റെടുത്ത പ്രവർത്തനങ്ങൾ, സ്വീകരിച്ച നടപടികൾ, പുതിയവക്കയുള്ള സ്ഥലം കണ്ടെത്തൽ, പുതിയതായി സമർപ്പിച്ച പ്രൊജക്ടുകൾ എന്നിവവിശദമാക്കുക.

## 16. ഹരിത കർമ്മ സേന

### 16.1. ഹരിത കർമ്മ സേന അടിസ്ഥാന വിവരങ്ങൾ

| ആകെ ഹരിത കർമ്മ സേനയുടെ എണ്ണം | | ഒരു അംഗത്തിൻറെ പ്രതിമാസ വരുമാനം | | എല്ലാവർക്കും ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ ഉണ്ടോ? ഉണ്ടെങ്കിൽ എന്തൊക്കെ (5) | വാഹന സൗകര്യം | | | | വാഹന ലഭ്യത | |
|---|---|---|---|---|---|---|---|---|---|---|
| മാർച്ച് 15 ന് മുൻപ് (1) | ജൂൺ 1 വരെ (2) | മാർച്ച് 15 ന് മുൻപ് (3) | ജൂൺ 1 വരെ (4) | | സ്വന്തം വാഹനം (എണ്ണം) (6) | ഹരിതകർമ്മ സേന വാടക നൽകി ഉപയോഗിക്കുന്നവ (എണ്ണം) (7) | തദ്ദേശ സ്വയംഭരണ സ്ഥാപനം വാങ്ങി നൽകിയ വാഹനം (എണ്ണം) (8) | തദ്ദേശ സ്വയംഭരണ സ്ഥാപനം വാടകക്ക് എടുത്തു നൽകുന്ന വാഹനം (എണ്ണം) (9) | മിനി MCFൽ നിന്ന് MCF ലേക്ക് (ഉണ്ട് /ഇല്ല ) (10) | പ്രതിദിന ശേഖരണം നിന്ന് MCF ലേക്ക് എത്തിക്കുന്നതിന് (ഉണ്ട് /ഇല്ല) (11) |
| | | | | | | | | | | |

*മാർച്ച് 15 ന് മുൻപ് എന്ന് ഉദ്ദേശിക്കുന്നത് മാർച്ച് 15ന് മുൻപുള്ള ആകെ എണ്ണവും ജൂൺ 1 വരെ എന്ന് ഉദ്ദേശിച്ചത് ജൂൺ 1 വരെയുള്ള ആകെ എണ്ണവും ആണ്

16.2. ഹരിത കർമ്മ സേനയുടെ കുറവ് പരിഹരിക്കുന്നതിന്, ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ നൽകുന്നതിന്, ആവശ്യമായ വാഹന സൗകര്യം ഉറപ്പാക്കുന്നതിന് എന്നിവക്കായി നടത്തിയ പ്രവർത്തനങ്ങൾ, സ്വീകരിച്ച നടപടികൾ, നേരിട്ട പ്രശ്നങ്ങൾ, അവ പരിഹരിച്ച വിധം, പരിഹരിക്കുന്നതിനയുള്ള നിർദേശങ്ങൾഎന്നിവ വിശദമാക്കുക

16.3 ഹരിത കർമ്മ സേന യൂസർ ഫീ

| ആകെ വീടുകൾ<br>(1) | | | |
|---|---|---|---|
| | മാർച്ച് 15 ന മുൻപ്<br>(2) | ജൂൺ 1 വരെ<br>(3) | പുരോഗതി<br>(ശതമാനം)<br>[(3)-(2)]<br>(4) |
| ഹരിത കർമ്മ സേനക്ക് യൂസർ ഫീ നൽകുന്ന വീടുകൾ (എണ്ണം) | | | |
| കവറേജ് (ശതമാനം) | | | |

'മാർച്ച് 15 ന് മുൻപ് എന്ന് ഉദ്ദേശിക്കുന്നത് മാർച്ച് 15നു മുൻപുള്ള ആകെ എണ്ണവും ജൂൺ 1 വരെ എന്ന് ഉദ്ദേശിച്ചത് ജൂൺ 1 വരെയുള്ള ആകെ എണ്ണവും ആണ്

16.4. എല്ലാ വീടുകളിൽ നിന്നും യൂസർ ഫീ ഈടാക്കുന്നതിനും എല്ലാ മാസവും യൂസർ ഫീ ഈടാക്കുന്നത് ഉറപ്പാക്കുന്നതിനും, വരുമാനം കൂട്ടുന്നതിനും, ഹരിത കർമ്മ സേനകൾ വഴി മറ്റു സേവനങ്ങൾ ലഭ്യമാക്കി വരുമാനം വർദ്ധിപ്പിക്കുന്നതിനും ഏറ്റെടുത്ത പ്രവർത്തനങ്ങൾ,സ്വീകരിച്ച നടപടികൾ, നേരിട്ട പ്രശ്നങ്ങൾ അവയുടെ പരിഹാരങ്ങൾ എന്നിവ എന്തൊക്കെഎന്നിവ വിശദമാക്കുക

17. മാലിന്യ സംസ്കരണവുമായി ബന്ധപെട്ട നിയമലംഘനങ്ങൾ(മാർച്ച് 15 മുതൽ ജൂൺ 1 വരെ)

| മാലിന്യസംസ്കരണവുമായി ബന്ധപെട്ട റിപ്പോർട്ട് ചെയ്ത ആകെ നിയമ ലംഘനങ്ങൾ<br>(1) | ആകെനോട്ടീസ് നൽകിയവരുടെ എണ്ണം<br>(2) | ആകെ പിഴചുമത്തിയവരുടെ എണ്ണം<br>(3) | ആകെചുമത്തിയ പിഴ<br>(4) | ആകെഈടാക്കിയ പിഴ<br>(5) |
|---|---|---|---|---|
| | | | | |

'മാർച്ച് 15 ന് മുൻപ് എന്ന് ഉദ്ദേശിക്കുന്നത് മാർച്ച് 15നു മുൻപുള്ള ആകെ എണ്ണവും ജൂൺ 1 വരെ എന്ന് ഉദ്ദേശിച്ചത് ജൂൺ 1 വരെയുള്ള ആകെ എണ്ണവും ആണ്

17.1. മാലിന്യ സംസ്കരണവുമായി ബന്ധപെട്ട നിയമലംഘനങ്ങൾ കണ്ടെത്താൻ നടത്തിയ പ്രവർത്തനങ്ങൾ അതിനെതിരെ സ്വീകരിച്ച നടപടികൾ

**18. തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലെ GVPകളുടെ കണ്ടെത്തലും ശുചീകരണവും**

| | കരയിൽ (1) | ജലാശയങ്ങളിൽ (2) | റോഡിൽ (3) | ആകെ [(1) + (2) + (3)] (4) | *ശതമാനം |
|---|---|---|---|---|---|
| തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ കണ്ടെത്തിയ GVPകളുടെ എണ്ണം | | | | | |
| നീക്കംചെയ്ത GVPകളുടെ എണ്ണം | | | | | |
| നീക്കംചെയ്യാനുള്ളGVPകളുടെ എണ്ണം | | | | | |
| ബോർഡ് സ്ഥാപിച്ചവ | | | | | |
| ക്യാമറ സ്ഥാപിച്ചവ | | | | | |
| ബ്യൂട്ടിഫിക്കേഷൻ ചെയ്തവ | | | | | |

*ആകെ കണ്ടെത്തിയ GVP കളിൽ എത്ര ശതമാനം നീക്കം ചെയ്തു, നീക്കം ചെയ്യാൻ ഉണ്ട്, ബോർഡ് സ്ഥാപിച്ചു, ക്യാമറ സ്ഥാപിച്ചു, ബ്യൂട്ടിഫിക്കേഷൻ ചെയ്തു

18.1. തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലെ GVP കൾ കണ്ടെത്താൻ നടത്തിയ ശ്രമങ്ങൾ അവ നീക്കം ചെയ്യുന്നതിനും അവിടെ തുടർന്നും മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിനുമായി സ്വീകരിച്ച നടപടികൾ പ്രവർത്തനങ്ങൾ, നേരിടേണ്ടി വന്ന പ്രശ്നങ്ങൾ പരിഹരിച്ച വിധം എന്നിവ

**19. മാലിന്യമുക്തംനവകേരളം ക്യാമ്പയിന്റെ ഭാഗമായി നടത്തിയ പൊതു ജന വിദ്യാഭ്യാസപ്രവർത്തനങ്ങൾ**

| ക്രമനമ്പർ (1) | പ്രവർത്തനം (2) | എണ്ണം (3) | ആകെപങ്കാളിത്തം (4) |
|---|---|---|---|
| | വാർഡ്തല ശുചിത്വ ആരോഗ്യ സമിതി യോഗങ്ങൾ | | |
| | ബോധവൽക്കരണക്ലാസുകൾ | | |
| | ബഹുജനറാലികൾ | | |

| | | | |
|---|---|---|---|
| | ശുചീകരണപ്രവർത്തനങ്ങൾ | | |
| | പ്രദർശനങ്ങൾ | | |
| | റസിഡൻസ് അസോസിയേഷൻ യോഗങ്ങൾ | | |
| | ബൾക്ക് ജനറേറ്റേഴ്സ് യോഗങ്ങൾ | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | ആകെ പങ്കാളിത്തം | | |

1.9.1. മാലിന്യ മുക്തം നവകേരളം ക്യാമ്പയിൻ കൂടുതൽ ജനകീയമാക്കുന്നതിനും പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും നടത്തിയ പ്രവർത്തനങ്ങൾ സ്വീകരിച്ച നടപടികൾ നേരിടേണ്ടി വന്ന പ്രശ്നങ്ങൾ പരിഹാര മാർഗ്ഗങ്ങൾ, ബഹുജന വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ ഭാഗമായി വന്ന ശ്രദ്ധേയമായ മാറ്റങ്ങൾ എന്നിവ വ്യക്തമാക്കുക.

**1.10. സർക്കാർ സ്ഥാപനങ്ങളിലെ ശുചീകരണം**

| ആകെ സർക്കാർ സ്ഥാപനങ്ങൾ | ശുചീകരണത്തിൽ പങ്കാളികൾ ആയ സർക്കാർ സ്ഥാപനങ്ങളുടെ എണ്ണം | ശുചീകരണത്തിൽ പങ്കാളികൾ ആവാത്ത സർക്കാർ സ്ഥാപനങ്ങളുടെ പേര് | പങ്കാളികൾ ആകാത്തതിന്റെ കാരണം |
|---|---|---|---|
| | | | |
| | | | |
| | | | |

1.10.1 മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി ശുചീകരിച്ച സർക്കാർ സ്ഥാപനങ്ങൾ ഏതൊക്കെ ഏതൊക്കെ സ്ഥാപനങ്ങൾ ശുചീകരണത്തിൽ പങ്കാളികൾ ആയില്ല, പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ഓഫീസ് ഇതിൻറെ ഭാഗമായി ശുചീകരിച്ചോ, എന്നിവ വ്യക്തമാക്കുക.

1.11.ഗ്രീൻ പ്രൊട്ടോക്കോൾ

| | | | | |
|---|---|---|---|---|
| തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലെ ആകെ സ്ഥാപനങ്ങൾ | സർക്കാർ | | | പുരോഗതി |
| | പൊതുമേഖല | | | |
| | സ്വകാര്യ മേഖല | | | |
| | | മാർച്ച് 15 ന് മുൻപ് | ജൂൺ 1 വരെ | |
| ഗ്രീൻ പ്രൊട്ടോക്കോൾ പാലിക്കുന്ന സ്ഥാപനങ്ങൾ | | | | |
| ശതമാനം | | | | |

| | സർക്കാർ | പൊതു | സ്വകാര്യ | ആകെ | | |
|---|---|---|---|---|---|---|
| മാർച്ച് 15 മുതൽ ജൂൺ 1,വരെ തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിൽ രജിസ്റ്റർ ചെയ്ത് 100 പേരിൽ കൂടുതൽ പങ്കെടുത്ത പരിപാടികൾ (എണ്ണം) | | | | | | |
| നടന്ന പരിപാടികളിൽ ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ച നടന്ന പരിപാടികൾ (എണ്ണം) | | | | | | |

1.11.1. മാലിന്യത്തിന്റെ അളവ് കുറക്കുന്നതിനു വേണ്ടി സംഘടിപ്പിച്ച പ്രവർത്തനങ്ങൾ അവയുടെ ഫലമായി ഉണ്ടായ നേട്ടങ്ങൾ, ഗ്രീൻ പ്രൊട്ടോക്കോൾ സംവിധാനം എല്ലായിടത്തും ഉറപ്പാക്കാൻ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെ, എത്രത്തോളം സ്ഥാപനങ്ങളിൽ ഇതുവരെ ഗ്രീൻ പ്രോട്ടോകോൾ ഉറപ്പാക്കാൻ സാധിച്ചു, തദ്ദേശ

സ്വയംഭരണ സ്ഥാപന പരിധിയിൽ നടക്കുന്ന പൊതു പരിപാടികൾ രജിസ്റ്റർ ചെയ്യുന്നുണ്ടോ, എത്ര പൊതു പരിപാടികൾ ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ച് നടത്താനായി അതിനായി സ്വീകരിച്ച പ്രവർത്തനങ്ങൾ നടപടികൾ, നേരിട്ട പ്രശ്നങ്ങൾ അവ പരിഹരിച്ച വിധം, എന്നിവ വ്യക്തമാക്കുക.

1.12. സാനിട്ടറി മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനും അതിൻറെ ശാസ്ത്രീയമായ സംസ്കരണത്തിനും വേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ഇപ്പോൾ ഉള്ള സംവിധാനങ്ങൾ അവ വിപുലീകരിക്കുന്നതിനും പുതിയ സംവിധാനങ്ങൾ കൊണ്ടുവരുന്നതിനും ചെയ്ത് പ്രവർത്തനങ്ങൾ സ്വീകരിച്ച നടപടികൾ നേരിട്ട പ്രശ്നങ്ങൾ അവ പരിഹരിച്ച വിധം,എന്നിവ വ്യക്തമാക്കുക.

1.13. LSG ക്യാമ്പയിൻ ടീമിലെ അംഗങ്ങളുടെ വിവരങ്ങൾ

| ക്രമ നമ്പർ | പേര് | പദവി | ഫോൺ നമ്പർ |
|---|---|---|---|
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |

| | | | |
|---|---|---|---|
| | | | |
| | | | |
| | | | |
| | | | |

1.14. മാലിന്യ സംസ്കരണം ഫലവത്തായി നടത്തുന്നതിനും ഇതിന്റെ ആവശ്യകതയെപ്പറ്റി ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുമായി നടത്തിയ മാതൃകാപരമായ പ്രവർത്തനങ്ങൾ ഉദ്യമങ്ങൾ എന്നിവയെ പറ്റി ഒരു പാരഗ്രാഫിൽ കവിയാതെ ചെറു വിവരണം നൽകുക

1.15. തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലെ മാലിന്യ മുക്ത വാർഡുകളുടെ പേര്, എണ്ണം

1.15. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട 2023 – 2024 വർഷത്തിൽ ഉൾപ്പെടുത്തിയ പ്രോജക്ട് കളുടെ വിശദാംശങ്ങൾ

| ക്രമ നമ്പർ | പ്രോജക്ട് | ആകെ തുക | ഫണ്ടിന്റെ പേര് |
|---|---|---|---|
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |

| | | | |
|---|---|---|---|
| | | | |
| | | | |
| | | | |
| | | | |
| | | | |

2. അവലോകനം

- ജൈവ മാലിന്യവും അജൈവ മാലിന്യവും 100% ഉറവിടത്തിൽ തന്നെ തരംതിരിക്കൽ
- അജൈവ മാലിന്യം പൂർണ്ണമായും (100%) വാതിൽപ്പടി ശേഖരണം
- ജൈവ മാലിന്യം പൂർണ്ണമായും (100% ഉറവിടത്തിൽ ശാസ്ത്രീയമായി സംസ്കരിക്കൽ
- മാലിന്യ കൂനകൾ ഇല്ലാത്ത വൃത്തിയുള്ള പൊതു ഇടം സൃഷ്ടിക്കൽ
- എല്ലാ ജലാശയങ്ങളിലെയും ഖരമാലിന്യം നീക്കം ചെയ്ത് നീരൊഴുക്ക് ഉറപ്പാക്കൽ

ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായിഏറ്റെടുത്ത പ്രവർത്തനങ്ങളുടെ പുരോഗതിയാണ് പട്ടികകളിൽ രേഖപ്പെടുത്തിയത് പ്രസ്തുത വിവരങ്ങളുടെ സഹായത്തോടു കൂടി ഓരോ ലക്ഷ്യവും എത്രത്തോളം കൈവരിക്കാൻ സാധിച്ചു ഇതിനായി നടത്തിയ സവിശേഷമായ പ്രവർത്തനങ്ങൾ നേരിട്ട വെല്ലുവിളികൾ, അവ പരിഹരിക്കാൻ നടത്തിയ ശ്രമങ്ങൾ എന്നിവയുടെ അവലോകന റിപ്പോർട്ട് ആണ് ഈ ഭാഗത്ത് രേഖപ്പെടുത്തേണ്ടത്.

ഈ റിപ്പോർട്ട് ഹരിത സഭയുടെ വിശദമായ ചർച്ചക്കായി സമർപ്പിക്കുന്നു

സെക്രട്ടറി

പ്രസിഡന്റ്